പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1991      19.06.2012 -ലെ മറുപടി

ഓച്ചിറ - ചെട്ടികുളങ്ങര ബസ് സർവ്വീസ്

| ചോദ്യം<br>ശ്രീ. സി. കെ. സദാശിവൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഓച്ചിറ ക്ഷേത്രത്തേയും ചെട്ടികുളങ്ങര ക്ഷേത്രത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന തരത്തിൽ ഓച്ചിറ - പ്രയാർ - ദേവികുളങ്ങര - പുതുപ്പള്ളി - കായംകുളം തുടർന്ന് ദേശീയപാത വഴി കരീലകുളങ്ങര - പത്തിക്കര - ഭഗവതിപാടി - ചെട്ടികുളങ്ങര - തട്ടാരമ്പലം വഴി കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | കായംകുളം യൂണിറ്റിൽ നിന്നും ഓച്ചിറ ക്ഷേത്രത്തേയും ചെട്ടിക്കുളങ്ങര ക്ഷേത്രത്തേയും ബന്ധിപ്പിക്കുന്ന രീതിയിലുള്ള പുതിയ സർവ്വീസ് സംബന്ധമായി സാധ്യതാപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |
| (ബി) | കായംകുളം ഡിപ്പോയിൽ നിന്നും അടുത്ത കാലത്ത് നിർത്തലാക്കിയ 6.15 എ കരുനാഗപ്പള്ളി, 6.50 വലിയഴീക്കൽ, 5.35 കുളത്തൂപ്പുഴ, 6.30 സി മാവേലിക്കര, 6.40 കോട്ടയം മെഡിക്കൽ കോളേജ്, 6.45 കരുനാഗപ്പള്ളി - അഴിയടത്തുചിറ - ചങ്ങനാശ്ശേരി, 7.30 ചിറയ്ക്കൽ, 7.50 കെ കരുനാഗപ്പള്ളി, 7.30 പി കരുനാഗപ്പള്ളി തുടങ്ങിയ സർവ്വീസുകൾ പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | ഈ പറയുന്ന സർവ്വീസുകളൊന്നും തന്നെ കായംകുളം ഡിപ്പോയിൽ നിർത്തലാക്കിയിട്ടില്ല. ബസ്സുകളുടെ കുറവു മൂലമാണ് ഈ സർവ്വീസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാതിരിക്കുന്നത്. ബസ്സുകളുടെ ലഭ്യത അനുസരിച്ച് സർവ്വീസ് പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ